പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5872 | 28.06.2018-ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ മുഴുവൻ സമയ ഫാർമസി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർകോട് ജില്ലയിൽ കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രിയിലെ ഫാർമസി നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഇല്ല. രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ഫാർമസി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | രാത്രി സമയങ്ങളിൽ ഏറെ ദൂരെ നിന്നും വരുന്ന രോഗികൾക്ക് എഴുതിക്കൊടുത്ത മരുന്ന് കിട്ടാതെ ടൗണിലും മറ്റും അലയേണ്ടിവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജില്ലയിലെ പ്രധാന ചികിത്സാ കേന്ദ്രമായ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും ഫാർമസി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ബെഡ് സ്ട്രെങ്ത് 400 ഉം ശരാശരി ഒ.പി. 1000 വും ആണ്. രാത്രികാലങ്ങളിൽ ഇവിടെ 45 മുതൽ 50 വരെ രോഗികൾ ചികിത്സ തേടി എത്താറുണ്ട്. ഇപ്പോൾ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെയാണ് ഇവിടുത്തെ ഫാർമസി പ്രവർത്തിച്ച വരുന്നത്. ടി ആശുപത്രിയെ ഇതിനോടകം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2 ഫാർമസിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിച്ച നൽകിയിട്ടുണ്ട്. ഇതുൾപ്പെടെ ഇപ്പോൾ ഇവിടെ 5 സ്ഥിരം ഫാർമസിസ്റ്റുകളുടെ സേവനം ലഭ്യമാണ്. ഒ.പി.രോഗികളെ കൂടാതെ എൻഡോസൾഫാൻ, ആർ.എസ്.ബി.വൈ., എസ്.റ്റി. പദ്ധതികളിൽപ്പെട്ട രോഗികളുടെ കൂടി കണക്കിലെടുത്ത് ഇവയ്ക്കു പുറമെ ഇവിടെ കരാർ അടിസ്ഥാനത്തിൽ 3 ഫാർമസിസ്റ്റുകളുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ട്. രാത്രി 8 മണിക്കു ശേഷം അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടി എത്തുന്ന രോഗികൾക്ക് ഡ്യൂട്ടി ഡോക്ടറുടെ മേൽനോട്ടത്തിൽ ആവശ്യമായ മരുന്നുകൾ നൽകി തുടർചികിത്സയ്ക്കുള്ള മരുന്നുകൾ രാവിലെ 8 മണിക്ക് ഫാർമസിയിൽ നിന്ന് വാങ്ങുവാൻ നിർദ്ദേശം നൽകി വരുന്നു.<br>കേരള ആരോഗ്യ രംഗത്തെ എല്ലാ തലത്തിലും രോഗിസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ ക്രമീകരിക്കുന്നതിനുമാണ് നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയുടെ മാനദണ്ഡങ്ങളിൽ പുനഃക്രമീകരണം ആവശ്യമാണെന്നു കാണുന്ന പക്ഷം ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ